മലയാള മനോരമ

28 November 2023




എഴുപത്തഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐ പുറത്തിറക്കുന്ന കോർപറേറ്റ് മൈ സ്റ്റാംപും പ്രത്യേക തപാൽ കവറും കൊച്ചിയിലെ പോസ്റ്റ്മാസ്റ്റർ ജനറൽ സയീദ് റാഷിദ് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണനു നൽകി പ്രകാശനം ചെയ്യുന്നു.

# സിഎംഎഫ്ആർഐ സ്റ്റാംപ് പുറത്തിറക്കി

കൊച്ചി • എഴുപത്തഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കോർപറേറ്റ് മൈ സ്റ്റാംപും പ്രത്യേക തപാൽ കവറും പുറത്തിറക്കി. കൊച്ചിയിലെ പോസ്റ്റ്മാസ്റ്റർ ജനറൽ സയീദ് റാഷിദ് സ്റ്റാംപും കവറും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനു നൽകി പ്രകാശനം ചെയ്തു.

75 വർഷത്തെ ഗവേഷണ മികവ് എന്ന് ആലേഖനം ചെയ്ത സ്റ്റാംപിൽ സിഎംഎഫ്ആർഐയുടെ ലോഗോയും കൊച്ചിയിലെ ഓഫിസ് സമുച്ചയത്തിന്റെ ചിത്രവുമാണുള്ളത്. 12 സ്റ്റാംപുകൾ വീതമുള്ള 5000 ഷീറ്റുകളാണു പുറത്തിറക്കിയത്. സിഎംഎഫ്ആർഐക്ക് ഇത് അഭിമാന നിമിഷമാണെന്ന് ചടങ്ങിൽ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണൻ പറഞ്ഞു.